# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3482 — 19/10/2016- ൽ മറുപടിക്ക്

**ഫറോക്ക് ഇ.എസ്.ഐ റഫറൽ ആശുപത്രി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി.കെ.സി.മമ്മത് കോയ | ശ്രീ.ടി.പി.രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| എ) ഫറോക്ക് ഇ.എസ്.ഐ റഫറൽ ആശുപത്രിയിൽ ജീവനക്കാരുടെ കുറവ് ഉൾപ്പെടെയുള്ള പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br><br>ബി) എങ്കിൽ ഇത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ? | എ) & ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ജീവനക്കാരുടെ നിലവിലുള്ള ഒഴിവുകൾ പബ്ലിക് സർവീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഫറോക്ക് ഇ.എസ്.ഐ. ആശുപത്രിയിൽ പുതുതായി സ്ഥാപിച്ച സി.റ്റി സ്കാനിംഗ് മെഷീൻ പ്രവർത്തിപ്പിക്കുന്നതിനായി വകുപ്പിലെ രണ്ട് ഡോക്ടർമാരെ വർക്കിംഗ് അറേഞ്ച്മെന്റ് പ്രകാരം ടി ആശുപത്രിയിൽ നിയമിച്ചിരുന്നു. ഇക്കാര്യത്തിൽ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ടി ജീവനക്കാർ രണ്ട് OA ഫയൽ ചെയ്തിരുന്നു. ടി OA കളിന്മേലുള്ള പൊതു വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ 08.10.2016 ൽ ഒരു ഡോക്ടർ ജോലിക്ക് ഹാജരായിട്ടുണ്ട്. കോഴിക്കോട് ഫറോക്ക് ആശുപത്രി സംസ്ഥാന സർക്കാരിന് കീഴിലുള്ള മാതൃകാ ആശുപത്രിയായി ഉയർത്തുന്നതിനുള്ള നടപടിക്രമങ്ങൾ സർക്കാർ തലത്തിൽ പുരോഗമിച്ചുവരുന്നു. ആയതിന്റെ ഭാഗമായി സുസജ്ജമായ ഒരു ലേബർ റൂം ടി സ്ഥാപനത്തിൽ പ്രവർത്തിച്ചുവരുന്നു. ഇതിന്റെ പ്രവർത്തനം സുഗമമാക്കുന്നതിനായി ഫറോക്ക് ആശുപത്രിയുടെ സമീപ പ്രദേശത്തെ ഡിസ്പെൻസറികളിൽ പ്രവർത്തിച്ചുവരുന്ന ആക്സിലറി നഴ്സ് മിഡ് വൈഫ് മാരെ റൊട്ടേഷൻ വ്യവസ്ഥയിൽ താല്ക്കാലികമായി ഫറോക്ക് ആശുപത്രിയിലേക്ക് നിയമിച്ചിട്ടുണ്ട്. ആശുപത്രി കെട്ടിടത്തിന്റെ അറ്റകുറ്റപണികൾക്കായി കോഴിക്കോട് നിർമ്മിതി കേന്ദ്രം എസ്റ്റിമേറ്റ് തയ്യാറാക്കി ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. ആശുപത്രി- |

യിലെ മലിനജലം ട്രീറ്റുചെയ്യുന്നതിനുള്ള വേസ്റ്റ് വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കി നൽകുന്നതിന് കോഴിക്കോട് നിർമ്മിതി കേന്ദ്രത്തിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. ഫറോക്ക് മുൻസിപ്പാലിറ്റിയിൽ നടപ്പാക്കുന്ന ജപ്പാൻ കുടിവെള്ള പദ്ധതിയിൽ ഉൾപ്പെടുത്തി കുടിവെള്ളത്തിന്റെ അപര്യാപ്തത പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ